പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 86

# 2018-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 05-02-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 86

# 2018-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ

174/2018.

# 2018-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ

1973-ലെ ക്രിമിനൽ നടപടി നിയമസംഹിത, കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം, വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്), കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം, ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 125-ാം വകുപ്പിന്റെ ഭേദഗതി.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 125-ാം വകുപ്പ് (2)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2എ) ഏതെങ്കിലും ആൾ, മതിയായ കാരണം കൂടാതെ, ഉത്തരവ് അനുസരിക്കാതിരിക്കുകയാണെങ്കിൽ, സംരക്ഷണത്തിനോ, ഇടക്കാല സംരക്ഷണത്തിനോ വേണ്ടി പ്രതിമാസബത്തയായി അങ്ങനെ നൽകേണ്ടതായ തുകയ്ക്ക് പ്രതിവർഷം പന്ത്രണ്ട് ശതമാനം നിരക്കിൽ പലിശ നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്.".

3. 378ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 378-ാം വകുപ്പ് (6)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) (3)ാം ഉപവകുപ്പിൻ കീഴിൽ അനുമതി നല്കുകയാണെങ്കിൽ അപ്പീൽ മെമ്മോറാണ്ടം ഹൈക്കോടതിയുടെ രജിസ്ട്രിയിൽ സ്വീകരിക്കേണ്ടതും ആയത് സ്വീകരിച്ചാൽ ഉടൻതന്നെ നോട്ടീസ് പുറപ്പെടുവിക്കേണ്ടതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംരക്ഷണത്തിനുള്ള ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ, ഉചിതമായ കേസുകളിൽ പലിശയും കോടതിച്ചെലവും ഉത്തരവാകാൻ കോടതികളെ അധികാരപ്പെടുത്തുന്നതിനായി ക്രിമിനൽ നടപടി നിയമസംഹിതയിൽ ഒരു പ്രത്യേക വ്യവസ്ഥ ഉണ്ടാക്കേണ്ടതാണെന്ന് കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ (1996-98) ആറാമത്തെ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. സംരക്ഷണത്തിനുള്ള തുക നൽകുവാൻ ബാദ്ധ്യസ്ഥനായ ആൾ നിശ്ചിത സമയത്തിനുള്ളിൽ തുക നൽകുവാൻ വീഴ്ച വരുത്തുന്നപക്ഷം സംരക്ഷണത്തുകയുടെ ഇരട്ടി ഈടാക്കുന്നതിനായി ഒരു നിയമം വേണമെന്ന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. ഭർത്താവിന്റെ വരുമാനത്തിന് ആനുപാതികമായി സംരക്ഷണത്തിനുള്ള തുക വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്തിട്ടുണ്ട്. സർക്കാർ ഈ ശിപാർശകൾ പരിഗണിക്കുകയും, വ്യവഹാരത്തിന്റെ ചെലവ് ഉൾപ്പെടെ സംരക്ഷണത്തിനോ അല്ലെങ്കിൽ ഇടക്കാല സംരക്ഷണത്തിനോ ഉള്ള മുടക്ക് വരുത്തിയ മാസബത്ത തുകയ്ക്ക് പന്ത്രണ്ട് ശതമാനം പലിശ ഈടാക്കുന്നതിനുവേണ്ടി 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 125-ാം വകുപ്പിൽ ഒരു ഉപവകുപ്പ് ചേർത്തുകൊണ്ട് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത ഭേദഗതി ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2. നടപടിക്രമങ്ങളുടെ ആവർത്തനം ഒഴിവാക്കാനായി 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 378-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് 2009-ലെ കേരള നിയമ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ഇപ്പോൾ, ഒരു കുറ്റവിമുക്തമാക്കൽ ഉത്തരവിനെതിരെ ഒരു പ്രത്യേകാനുമതി ഹർജി ഫയൽ ചെയ്യേണ്ടതും അനുമതി ലഭിച്ച ശേഷം വീണ്ടും അപ്പീൽ മെമ്മോറാണ്ടം തയ്യാറാക്കേണ്ടതും ഫയലിൽ സ്വീകരിക്കുന്നതിനായി കോടതി മുമ്പാകെ ബോധിപ്പിക്കേണ്ടതുമാണ്. ക്രിമിനൽ നടപടി നിയമസംഹിതയിലെ 378-ാം വകുപ്പിനുള്ള നിർദ്ദിഷ്ട ഭേദഗതി, സമയം പാഴാക്കുന്ന അനാവശ്യനടപടിക്രമങ്ങൾ ഒഴിവാക്കുന്നതാണ്.

3. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പിണറായി വിജയൻ.

(ശരിത്തർജ്ജമ)

## 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

125. ഭാര്യമാരുടെയും കുട്ടികളുടെയും മാതാപിതാക്കൻമാരുടെയും സംരക്ഷണത്തിനുള്ള ഉത്തരവ്.—(1) മതിയായ ധനാഗമമാർഗ്ഗങ്ങളുണ്ടായിരിക്കെ ഏതെങ്കിലും ആൾ,—

(ക) തന്റെ, സ്വയം സംരക്ഷിക്കുവാൻ കഴിവില്ലാത്ത ഭാര്യയെ; അല്ലെങ്കിൽ

(ഖ) തന്റെ, സ്വയം സംരക്ഷിക്കുവാൻ കഴിയാത്തതും മൈനറുമായ, നിയമാനുസൃത വേഴ്ചയിലുണ്ടായതോ നിയമവിരുദ്ധ വേഴ്ചയിലുണ്ടായതോ ആയ കുട്ടിയെ, വിവാഹം കഴിച്ചതോ കഴിക്കാത്തതോ ആയാലും, അല്ലെങ്കിൽ

(ഗ) തന്റെ, മേജർ ആയതും നിയമാനുസൃത വേഴ്ചയാലുണ്ടായതോ നിയമവിരുദ്ധ വേഴ്ചയാലുണ്ടായതോ ആയതുമായ (വിവാഹിതയായ മകളല്ലാത്ത) കുട്ടിയെ, ആ കുട്ടിക്ക് ശാരീരികമോ മാനസികമോ ആയ ഏതെങ്കിലും വൈകൃതമോ ക്ഷതിയോ കാരണമായി സ്വയം സംരക്ഷിക്കാൻ കഴിയാത്തിടത്ത്, അല്ലെങ്കിൽ

(ഘ) തന്റെ, സ്വയം സംരക്ഷിക്കാൻ കഴിയാത്ത, പിതാവിനെ അല്ലെങ്കിൽ മാതാവിനെ,

സംരക്ഷിക്കുന്നതിൽ ഉപേക്ഷ വരുത്തുകയോ, സംരക്ഷിക്കുവാൻ വിസമ്മതിക്കുകയോ ചെയ്യുന്നുവെങ്കിൽ,

അങ്ങനെയുള്ള ഉപേക്ഷയോ വിസമ്മതമോ തെളിയിക്കുന്നതിൻമേൽ, ഒരു ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന്, യുക്തമെന്നു തോന്നുന്ന നിരക്കിൽ അയാളുടെ ഭാര്യയുടെയോ, അങ്ങനെയുള്ള കുട്ടിയുടെയോ പിതാവിന്റെയോ മാതാവിന്റെയോ സംരക്ഷണത്തിന് ഒരു പ്രതിമാസ ബത്ത വകയിരുത്താനും അത് മജിസ്ട്രേറ്റ് അതതു സമയം നിർദ്ദേശിക്കുന്നയാൾക്ക് നൽകുവാനും അയാളോട് ഉത്തരവ് ചെയ്യാവുന്നതാണ്:

എന്നാൽ, (ഖ) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മൈനറായ ഒരു പെൺകുട്ടിയുടെ പിതാവിനോട്, അങ്ങനെയുള്ള ബത്ത അങ്ങനെയുള്ള മൈനറായ പെൺകുട്ടി വിവാഹിതയാണെങ്കിൽ അവളുടെ ഭർത്താവിന് മതിയായ ധനാഗമ മാർഗ്ഗങ്ങളില്ലെന്ന് മജിസ്ട്രേറ്റിന് ബോദ്ധ്യമാകുന്നുവെങ്കിൽ, അവൾ മേജറാകുന്നതുവരെ, നൽകുവാൻ ഉത്തരവ് ചെയ്യാവുന്നതാണ്:

എന്നുമാത്രമല്ല, മജിസ്ട്രേറ്റിന് ഈ ഉപവകുപ്പിൻകീഴിൽ, സംരക്ഷണത്തിനുള്ള പ്രതിമാസ ബത്ത സംബന്ധിച്ച നടപടി നിലവിലിരിക്കുന്ന കാലത്ത്, അങ്ങനെയുള്ള ആളോട് അയാളുടെ ഭാര്യയുടെയോ അങ്ങനെയുള്ള കുട്ടിയുടെയോ പിതാവിന്റെയോ മാതാവിന്റെയോ ഇടക്കാല സംരക്ഷണത്തിനുവേണ്ടിയുള്ള ഒരു പ്രതിമാസ ബത്തയും അങ്ങനെയുള്ള നടപടിക്ക് മജിസ്ട്രേറ്റ് ന്യായമെന്ന് കരുതുന്ന ചെലവുകളും വകയിരുത്തുവാനും അത് മജിസ്ട്രേറ്റ് അതതു സമയം നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആൾക്ക് നൽകുവാനും ഉത്തരവിടാവുന്നതുമാണ്:

എന്നുതന്നെയുമല്ല, രണ്ടാം പരിമിതി വ്യവസ്ഥയ്ക്കു കീഴിൽ ഇടക്കാല സംരക്ഷണത്തിനുവേണ്ടിയുള്ള പ്രതിമാസ ബത്തയ്ക്കും നടപടിയുടെ ചെലവിനും വേണ്ടിയുള്ള ഒരു അപേക്ഷ, കഴിയുന്നിടത്തോളം, അങ്ങനെയുള്ള ആൾക്ക് ആ അപേക്ഷയുടെ നോട്ടീസ് നടത്തിയ തീയതി മുതൽ അറുപതു ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.

വിശദീകരണം.—ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക്,—

(ക) "മൈനർ" എന്നാൽ, ഇന്ത്യൻ മെജോറിറ്റി ആക്റ്റ്, 1875 (1875-ലെ 9)-ലെ വ്യവസ്ഥകൾക്കുകീഴിൽ മേജറായിട്ടില്ലാത്തതായി കരുതപ്പെടുന്ന ഒരാളെന്നർത്ഥമാകുന്നു;

(ഖ) "ഭാര്യ" എന്നതിൽ, തന്റെ ഭർത്താവിനാൽ വിവാഹമോചനം ചെയ്യപ്പെടുകയോ, തന്റെ ഭർത്താവിൽനിന്ന് വിവാഹമോചനം ലഭിക്കുകയോ ചെയ്യുകയും പുനർവിവാഹം കഴിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്ന സ്ത്രീ ഉൾപ്പെടുന്നു.

(2) സംരക്ഷണത്തിനോ ഇടക്കാല സംരക്ഷണത്തിനോ വേണ്ടിയുള്ള അങ്ങനെയുള്ള ബത്തയും, നടപടിക്കുവേണ്ടിയുള്ള ചെലവും ഉത്തരവിന്റെ തീയതി മുതൽക്കോ അല്ലെങ്കിൽ, അപ്രകാരം ഉത്തരവ് ചെയ്യുന്നുവെങ്കിൽ, അതതു സംഗതിപോലെ, സംരക്ഷണത്തിനോ ഇടക്കാല സംരക്ഷണത്തിനോ വേണ്ടിയുള്ള അപേക്ഷയുടെ തീയതി മുതൽക്കോ നൽകേണ്ടതുമാണ്.

(3) അപ്രകാരം ഉത്തരവ് ചെയ്യപ്പെട്ട ഏതെങ്കിലും ആൾ, മതിയായ കാരണം കൂടാതെ ഉത്തരവ് അനുസരിക്കാതിരിക്കുന്നുവെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും മജിസ്ട്രേറ്റിന്, ഉത്തരവിന്റെ ഒരോ ലംഘനത്തിനും കൊടുക്കാനുള്ള തുക പിഴകൾ ലെവി ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ, ലെവി ചെയ്യുന്നതിന് വാറന്റ് പുറപ്പെടുവിക്കാവുന്നതും, വാറന്റ് നടപ്പിലാക്കിയതിനുശേഷം, അതതു സംഗതിപോലെ, ഓരോ മാസത്തെയും സംരക്ഷണബത്തയിലെയോ ഇടക്കാല സംരക്ഷണബത്തയിലെയോ നടപടിച്ചെലവിന്റെയോ കൊടുക്കാതെ അവശേഷിക്കുന്ന മുഴുവൻ തുകയ്ക്കോ, ഏതെങ്കിലും ഭാഗത്തിനോ അങ്ങനെയുള്ള ആൾക്ക് ഒരു മാസത്തോളമാകാവുന്ന കാലത്തേയ്ക്കോ, അതിനുമുമ്പ് പണം കൊടുക്കുന്നുവെങ്കിൽ അതുവരെയോ, ഉള്ള തടവുശിക്ഷ വിധിക്കാവുന്നതും ആണ്:

എന്നാൽ, ഈ വകുപ്പിൻകീഴിൽ കൊടുക്കാനുള്ള ഏതെങ്കിലും തുക വസൂലാക്കുന്നതിന്, അതു കൊടുക്കാനുള്ളതായിത്തീർന്ന തീയതി മുതൽ ഒരു വർഷത്തെ കാലത്തിനുള്ളിൽ അങ്ങനെയുള്ള തുക ലെവിചെയ്യുവാൻ കോടതിക്ക് അപേക്ഷ ബോധിപ്പിക്കാത്തപക്ഷം, വാറന്റ് പുറപ്പെടുവിക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, അങ്ങനെയുള്ള ആൾ, തന്റെ ഭാര്യ തന്നോടുകൂടെ ജീവിക്കണമെന്ന ഉപാധിയിന്മേൽ അവളെ സംരക്ഷിക്കാമെന്ന് ആഫർ ചെയ്യുകയും അവൾ അയാളോടുകൂടെ ജീവിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള മജിസ്ട്രേറ്റിന്, അവളുടെ വിസമ്മതത്തിന്, അവൾ പ്രസ്താവിക്കുന്ന ഏതെങ്കിലും കാരണങ്ങൾ പരിഗണിക്കാവുന്നതും, ഈ വകുപ്പിൻകീഴിൽ ഉത്തരവ് ചെയ്യുവാൻ ന്യായമായ കാരണമുണ്ടെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള ആഫർ ഉണ്ടെന്നിരിക്കിലും അപ്രകാരം ഉത്തരവ് ചെയ്യാവുന്നതുമാണ്.

<u>വിശദീകരണം.</u>—ഭർത്താവ് മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ചിരിക്കുകയോ, അല്ലെങ്കിൽ വെപ്പാട്ടിയെ വച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അത് അയാളുടെ ഭാര്യയ്ക്ക് അയാളോടുകൂടെ ജീവിക്കാൻ വിസമ്മതിക്കുന്നതിനുള്ള ന്യായമായ കാരണമായി പരിഗണിക്കപ്പെടുന്നതാകുന്നു.

(4) ഈ വകുപ്പിൻകീഴിൽ ഒരു ഭാര്യയ്ക്കും, അവൾ വ്യഭിചാര ജീവിതം നയിക്കുകയാണെങ്കിലോ, മതിയായ കാരണം കൂടാതെ അവളുടെ ഭർത്താവിനോടു കൂടെ ജീവിക്കാൻ വിസമ്മതിക്കുകയാണെങ്കിലോ, അവർ പരസ്പര സമ്മതപ്രകാരം വേറിട്ട് താമസിക്കുകയാണെങ്കിലോ അവളുടെ ഭർത്താവിൽ നിന്ന്, സംരക്ഷണത്തിനോ ഇടക്കാല സംരക്ഷണത്തിനോ ഉള്ള ബത്തയോ നടപടിച്ചെലവോ, അതതു സംഗതിപോലെ, കിട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

(5) ആർക്ക് അനുകൂലമായാണോ ഈ വകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവ് പാസ്സാക്കിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ഭാര്യ വ്യഭിചാരജീവിതം നയിക്കുകയാണെന്നോ മതിയായ കാരണം കൂടാതെ ഭർത്താവിനോടുകൂടെ ജീവിക്കാൻ വിസമ്മതിക്കുകയാണെന്നോ അവർ പരസ്പര സമ്മത പ്രകാരം വേറിട്ട് താമസിക്കുകയാണെന്നോ തെളിയിക്കുന്നതിന്മേൽ മജിസ്ട്രേറ്റ് ആ ഉത്തരവ് റദ്ദാക്കേണ്ടതാണ്.

** ** ** **

378. കുറ്റവിമുക്തമാക്കുന്ന സംഗതിയിലെ അപ്പീൽ.—(1) (2)-ാം ഉപവകുപ്പിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലല്ലാതെയും (3)-ഉം (5)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്കു വിധേയമായും,—

(ക) ഏതൊരു സംഗതിയിലും കോഗ്നൈസിബിളും ജാമ്യമനുവദിക്കാത്തതുമായ ഒരു കുറ്റം സംബന്ധിച്ച് ഒരു മജിസ്ട്രേറ്റ് പാസ്സാക്കിയ കുറ്റവിമുക്തമാക്കൽ ഉത്തരവിനെതിരെ സെഷൻസ് കോടതിയിൽ അപ്പീൽ നൽകുന്നതിന് പബ്ലിക് പ്രോസിക്യൂട്ടറോട് ജില്ലാ മജിസ്ട്രേറ്റിന് നിർദ്ദേശിക്കാവുന്നതാണ്;

(ഖ) ഏതൊരു സംഗതിയിലും, ഹൈക്കോടതിയല്ലാതെയുള്ള ഏതെങ്കിലും കോടതിയുടെ ആദ്യത്തേതോ അപ്പീലിന്മേലുള്ളതോ ആയ (ക) ഖണ്ഡത്തിൻ കീഴിലുള്ള ഉത്തരവല്ലാത്ത കുറ്റവിമുക്തമാക്കൽ ഉത്തരവിനോ റിവിഷനിൽ സെഷൻസ് കോടതി പാസ്സാക്കിയ കുറ്റവിമുക്തമാക്കൽ ഉത്തരവിനോ എതിരെ ഹൈക്കോടതിയിൽ ഒരു അപ്പീൽ നൽകുന്നതിന് പബ്ലിക് പ്രോസിക്യൂട്ടറോട് സ്റ്റേറ്റ് ഗവൺമെന്റിന് നിർദ്ദേശിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള കുറ്റവിമുക്തമാക്കൽ ഉത്തരവ്, കുറ്റം ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ്, 1946 (1946-ലെ 25)-ൻ കീഴിൽ ഏർപ്പെടുത്തിയ ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റോ അല്ലെങ്കിൽ, ഒരു കുററം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ഈ നിയമസംഹിത അല്ലാത്ത ഏതെങ്കിലും കേന്ദ്ര ആക്ററിൻ കീഴിൽ അധികാരപ്പെടുത്തപ്പെട്ട മറ്റേതെങ്കിലും ഏജൻസിയോ അന്വേഷണം നടത്തിയിട്ടുള്ള കേസ്സിൽ, പാസ്സാക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ, (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, കേന്ദ്ര ഗവൺമെന്റിന്,—

(ക) കോഗ്നൈസിബിളും ജാമ്യമനുവദിക്കാത്തതുമായ ഒരു കുറ്റം സംബന്ധിച്ച് ഒരു മജിസ്ട്രേറ്റ് പാസ്സാക്കിയ കുറ്റവിമുക്തമാക്കൽ ഉത്തരവിനെതിരെ സെഷൻസ് കോടതിയിലോ;

(ഖ) ഹൈക്കോടതിയല്ലാതെയുള്ള ഏതെങ്കിലും കോടതി പാസ്സാക്കിയ ആദ്യത്തേതോ അപ്പീലിന്മേലുള്ളതോ ആയ (ക) ഖണ്ഡത്തിൻ കീഴിലുള്ള ഉത്തരവല്ലാത്ത ഒരു കുറ്റവിമുക്തമാക്കൽ ഉത്തരവിനോ റിവിഷനിൽ സെഷൻസ് കോടതി പാസ്സാക്കിയ ഒരു കുറ്റവിമുക്തമാക്കൽ ഉത്തരവിനോ എതിരെ ഹൈക്കോടതിയിലോ,

അപ്പീൽ സമർപ്പിക്കാൻ പബ്ലിക് പ്രോസിക്യൂട്ടറോട് നിർദ്ദേശിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ ഹൈക്കോടതിയുടെ അനുമതിയോടുകൂടിയല്ലാതെ ഹൈക്കോടതിക്ക് യാതൊരപ്പീലും സ്വീകരിക്കാൻ പാടുള്ളതല്ല.

(4) അങ്ങനെയുള്ള കുറ്റവിമുക്തമാക്കൽ ഉത്തരവ് പരാതിയിന്മേൽ നടപടി ആരംഭിക്കപ്പെട്ട ഏതെങ്കിലും കേസ്സിൽ പാസ്സാക്കിയതായിരിക്കുകയും, പരാതിക്കാരൻ ഹൈക്കോടതിക്ക് കൊടുക്കുന്ന അപേക്ഷയിന്മേൽ കുറ്റവിമുക്തമാക്കൽ ഉത്തരവിൽ നിന്ന് ഇതിലേക്ക് അപ്പീൽ കൊടുക്കാൻ ഹൈക്കോടതി പ്രത്യേകാനുമതി നൽകുകയും ചെയ്യുന്നുവെങ്കിൽ, പരാതിക്കാരന് ഹൈക്കോടതിക്ക് അങ്ങനെയുള്ള അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(5) കുറ്റവിമുക്തമാക്കൽ ഉത്തരവിൽ നിന്ന് അപ്പീൽ കൊടുക്കാൻ പ്രത്യേകാനുമതി നല്കാൻ വേണ്ടി (4)-ാം ഉപവകുപ്പിൻകീഴിലെ യാതൊരപേക്ഷയും, കുറ്റവിമുക്തമാക്കൽ ഉത്തരവിന്റെ തീയതി മുതൽ കണക്കുകൂട്ടി പരാതിക്കാരൻ പബ്ലിക് സർവന്റ് ആയിട്ടുള്ളിടത്തു ആറുമാസവും മറ്റ് ഏതൊരു സംഗതിയിലും അറുപതുദിവസവും കഴിഞ്ഞതിനുശേഷം ഹൈക്കോടതി സ്വീകരിക്കാൻ പാടുള്ളതല്ല.

(6) ഏതെങ്കിലും കേസിൽ, കുറ്റവിമുക്തമാക്കൽ ഉത്തരവിൽ നിന്ന് അപ്പീൽ കൊടുക്കാൻ പ്രത്യേകാനുമതി നൽകുന്നതിനുവേണ്ടിയുള്ള (4)-ാം ഉപവകുപ്പിൻ കീഴിലെ അപേക്ഷ നിരസിക്കുന്നുവെങ്കിൽ ആ കുറ്റവിമുക്തമാക്കൽ ഉത്തരവിൽ നിന്ന് (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ യാതൊരപ്പീലും ഉണ്ടായിരിക്കുന്നതല്ല.

** ** **